ആലുവ നഗരസഭ

ഇ1-2799692/24 **തീയതി : 13.11.2026**

കാട്ടേഷൻ നോട്ടീസ്

ആലുവ നഗരസഭ റീസർവ്വേ 79/40, 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിട നമ്പർ 448, 449 സെക്രട്ടറി & മുനിസിപ്പൽ എഞ്ചിനീയർ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ (SE & ME Quarters) പ്രസ്തുത സ്ഥലത്ത് നിന്നും ഭൂനിരപ്പ് വരെ പൊളിച്ചു നീക്കം ചെയ്യുന്ന പ്രവർത്തി ഏറ്റെടുക്കുന്നതിന് തയ്യാറായിട്ടുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്ന് മത്സരാധിഷ്ഠിത മുദ്ര വച്ച കാട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

കെട്ടിട വിവരണം:- ആലുവ നഗരസഭ 448, 449 സെക്രട്ടറി & മുനിസിപ്പൽ എഞ്ചിനീയർ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ (SE & ME Quarters) ഏരിയ -371.74.m^2

നിബന്ധനകൾ

1. വാല്യൂവേഷൻ തുക - 96,335/- രൂപ. കാട്ടേഷൻ സമർപ്പിക്കുന്ന ആൾ ടി തുകയുടെ 5 % ത്തിൽ കുറയാത്ത തുക (5,000/- രൂപ) നിരതദ്രവ്യമായി മുനിസിപ്പൽ ട്രഷറിയിൽ ഒടുക്കി അസ്സൽ രസീത് കാട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. കാട്ടേഷൻ സമർപ്പിക്കുന്ന ആളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ പകർപ്പ് (ആധാർ കാർഡിന്റെ പകർപ്പ്) പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ ഉൾപ്പെടെ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
2. പ്രസ്തുത പ്രവർത്തി നിർവ്വഹിക്കുന്നതിന് കാട്ടേഷൻ പത്രികയിൽ കോട്ട് ചെയ്യുന്ന തുക വ്യക്തവും സ്പഷ്ടവുമായി രേഖപ്പെടുത്തേണ്ടതാണ്.
3. കാട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി - 23.11.2026 11.00 എ.എം. വരെ
4. കാട്ടേഷൻ തുറക്കുന്ന തീയതി - 23.11.2026 3.00 പി.എം

ലഭിച്ച കാട്ടേഷനുകൾ 23.11.2026 തീയതി 3.00 പി.എം.ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചേംബറിൽ വച്ചു ഹാജരായിട്ടുള്ള കാട്ടേഷനറുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ഏറ്റവും കൂടിയ തുക കോട്ട് ചെയ്ത കാട്ടേഷനറുടെ കാട്ടേഷൻ ബഹു.കൗൺസിൽ അനുമതി പ്രതിക്ഷിച്ച് താത്ക്കാലികമായി ഉറപ്പിക്കുന്നതും അന്ന് തന്നെ ടി തുകയുടെ മൂന്നിലൊന്നു തുക നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. തുടർന്ന് കൗൺസിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ നഗരസഭ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതും ബാക്കി തുക മുഴുവൻ നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

5. കാട്ടേഷൻ തുകയോടൊപ്പം 18 % ജി.എസ്.റ്റി കൂടി അടയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് ബാധകമാക്കിയിട്ടുള്ള എല്ലാവിധ കാട്ടേഷൻ / നിരക്ക് സംബന്ധിയായ വ്യവസ്ഥകളും മാനദണ്ഡങ്ങളും ഈ കാട്ടേഷൻ നടപടിക്കും ബാധകമായിരിക്കുന്നതുമാണ്.
6. കരാറിൽ ഏർപ്പെട്ടു 14 ദിവസത്തിനകം ടി പ്രവർത്തി പൂർത്തീകരിക്കേണ്ടതും, ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ കരാറുകാരന്റെ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതുമാണ്. കൂടാതെ ടി ഭൂമിയുടെ പ്രതലം നിരപ്പാക്കി വൃത്തിയായി കൈമാറേണ്ടതും പൊളിച്ചു മാറ്റിയ കെട്ടിട ഭാഗങ്ങൾ തൽസ്ഥാനത്തു നിന്നും പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.

7. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനോ / നിരസിക്കുന്നതിനോ ക്വട്ടേഷൻ നടപടി റദ്ദാക്കുന്നതിനോ ഭരണസമിതിയ്ക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
8. പ്രവർത്തി പൂർത്തീകരണാനന്തരം ആയത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ അനുവദിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇ.എം.ഡി തുക റിലീസ് ചെയ്യുകയുള്ളൂ.

കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവൃത്തി ദിവസങ്ങളിൽ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും/വെബ് സൈറ്റിൽ (www.aluvamunicipality.lsgkerala.gov.in) നിന്നും അറിയാവുന്നതാണ് (ഫോൺ നമ്പർ–2623757)

MUNICIPAL OFFICE
ALUVA

മുനിസിപ്പൽ സെക്രട്ടറി
ആലുവ നഗരസഭ

പകർപ്പ്:
നഗരസഭാ നോട്ടീസ് ബോർഡ്, നഗരസഭാ ലൈബ്രറി
മിനി സിവിൽ സ്റ്റേഷൻ ആലുവ, സബ് ട്രഷറി ആലുവ,
സബ് രജിസ്ട്രാർ ഓഫിസ് ആലുവ,
വില്ലേജ് ഓഫീസ്, ആലുവ,
ജില്ലാ ആശുപത്രി, ആലുവ
വെബ്സൈറ്റ്.